"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- മണ്ണാർക്കാട് നഗരസഭയിലെ ഐ.സി.ഡി.എസ് സൂപ്പർവൈസർ അങ്കണവാടി ഹെൽപ്പർ പോസ്റ്റിലേയ്ക്കുള്ള സെലക്ഷൻ കമ്മിറ്റിയുടെ പുതുക്കിയ ലിസ്റ്റ് അംഗീകരിച്ചുകൊണ്ടുള്ള മണ്ണാർക്കാട് നഗരസഭാ കൗൺസിലിന്റെ 08/08/2024 തീയതിയിലെ 6-ാം നമ്പർ തീരുമാനം താൽക്കാലികമായി തടഞ്ഞുകൊണ്ട് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2019/2024/LSGD തീയതി,തിരുവനന്തപുരം, 22-10-2024

---

പരാമർശം:-

1. 2003-ലെ പഞ്ചായത്ത് രാജ് (നിയമാനുസൃതമല്ലാത്ത പ്രമേയങ്ങളിന്മേൽ സ്വീകരിക്കേണ്ട നടപടിക്രമം) ചട്ടം 191(2)
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 23.09.2024 ലെ No.LSGD/PD/32807/2024-AR4 കത്ത്
3. മണ്ണാർക്കാട് നഗരസഭാ കൗൺസിലിന്റെ 08.08.2024-ാം തീയതിയിലെ 06-ാം നമ്പർ തീരുമാനം.
4. മണ്ണാർക്കാട് നഗരസഭാ കൗൺസിലിന്റെ 08.08.2024-ാം തീയതിയിലെ 06-ാം നമ്പർ തീരുമാനത്തിലുള്ള വിയോജനക്കുറിപ്പ്
5. മണ്ണാർക്കാട് നഗരസഭാ സെക്രട്ടറിയുടെ 09.08.2024 ലെ C1-G2-2063782-2024 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മണ്ണാർക്കാട് നഗരസഭയിൽ അങ്കണവാടി ഹെൽപ്പർ നിയമനത്തിനായി രൂപീകരിക്കുന്ന സെലക്ഷൻ കമ്മിറ്റി സംബന്ധിച്ച പരാമർശം (3) തീരുമാനത്തിനെതിരെ കൗൺസിലർമാർ വിയോജനം രേഖപ്പെടുത്തിയത് പരാമർശം (5) മുഖേന മണ്ണാർക്കാട് നഗരസഭാ സെക്രട്ടറി അറിയിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2003-ലെ പഞ്ചായത്ത് രാജ് (നിയമാനുസൃതമല്ലാത്ത പ്രമേയങ്ങളിന്മേൽ സ്വീകരിക്കേണ്ട നടപടിക്രമം) ചട്ടം 191(2) ൽ പറയുംപ്രകാരം ടി വിഷയം 271-ജി പ്രകാരം രൂപീകരിച്ച ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് അയയ്ക്കുവാനും ചട്ടം 191(4) പ്രകാരം സർക്കാരിൽ നിന്നും ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ മണ്ണാർകാട് നഗരസഭയുടെ **08.08.2024 തീയതിയിൽ നടന്ന അടിയന്തര കൗൺസിൽ യോഗത്തിലെ 06-ാം നമ്പർ തീരുമാനം** നടപ്പാക്കുന്നത് താൽക്കാലികമായി തടഞ്ഞുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ, സാഫല്യം കോംപ്ലക്സ് പാളയം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
സെക്രട്ടറി, മണ്ണാർകാട് നഗരസഭ
അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ ഓഡിറ്റ്), കേരള
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
കരുതൽ ഫയൽ(DB3/311/20241-560)

ഉത്തരവിൻ പ്രകാരം

Signed by
Smitha L
സെക്ഷൻ ഓഫീസർ
Date: 24-10-2024 12:12:48